കണക്കിലെടുത്ത് തുക വിതരണം ചെയ്യുവന്നിരുന്നതിനാൽ അത്യാവശ്യ സന്ദർഭങ്ങളിൽപ്പോലും തുക അനുവദിച്ച മാസങ്ങൾക്കുശേഷം മാത്രമേ അപേക്ഷകന് തുക ലഭ്യമാക്കുവാൻ സാധിക്കുന്നുള്ളൂ. ആയതിനാൽ അപേക്ഷകന് യഥാസമയം പ്രയോജനം ലഭിക്കാത്ത സാഹചര്യം ഉണ്ടാകുന്നുണ്ട്. ഇത് സംബന്ധിച്ച് ധാരാളം ആക്ഷേപങ്ങൾ ലഭിച്ചിട്ടുണ്ട്. ആയതിനാൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിക്കുന്ന ധനസഹായം ഗുണഭോക്താക്കൾക്ക് കാലതാമസം കൂടാതെ ലഭ്യമാക്കുന്നതിനു വേണ്ടിയാണ് ധനസഹായം ജനപ്രതിനിധികൾ മുഖാന്തിരം വിതരണം ചെയ്യാൽ മതി എന്ന 29-4-2015-ലെ സർക്കാർ ഉത്തരവ് (സാധാ) 2248/15/റവ പ്രകാരം പിൻവലിച്ചത്.

ഐ.എം.ജി.-യുടെ പരിശീലന പരിപാടികൾ

2(5580) ശ്രീ. പാലോട് രവി :
ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഐ.എം.ജി.യുടെ പരിശീലന പരിപാടികൾ മെച്ചപ്പെടുത്തുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത് ;

(സി) ഇത് നടപ്പാക്കുന്നതിന് ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ?

ഉത്തരം

(എ) ഐ.എം.ജി.-യുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുവാനായി താഴെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

1. സംസ്ഥാന പരിശീലന നയത്തിന്റെ ഭാഗമായി 44 സർക്കാർ വകുപ്പിലെ ജീവനക്കാർക്ക് ശാസ്ത്രീയമായ പരിശീലനം കൊടുക്കാനായി 941 പരിശീലന പരിപാടികൾ 2015-16-ൽ നടത്തുന്നുണ്ട്. കേന്ദ്ര ഗവൺമെന്റിന്റെ സാമ്പത്തിക സഹായത്തോടെ പരിശീലകർക്കുള്ള പരിശീലന പരിപാടി, തെരഞ്ഞെടുക്കപ്പെട്ട വകുപ്പുകളിലെ ഉദ്യോഗസ്ഥർക്കുള്ള ഇന്റെൻസീവ് ട്രെയിനിംഗ് പ്രോഗ്രാം എന്നിവയും നടന്നുവരുന്നു.

2. വിവിധ സംസ്ഥാനങ്ങളിലെ പ്രൊമോഷൻവഴി ഐ.എ.എസ്. ലഭിച്ചിട്ടുള്ള ഉദ്യോഗസ്ഥരുടെ ഇൻഡക്ഷൻ ട്രെയിനിംഗ് രണ്ടു ബാച്ചുകളിലായി 2015-16-ൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

3. കേന്ദ്ര ഗവൺമെന്റിന്റെ സാമ്പത്തിക സഹായത്തോടെ 3 ഗവേഷണ പദ്ധതികൾ നടപ്പിലാക്കിവരുന്നു.

(i) DARPG- Study to Identify Factors Facilitating Enabling Environment for Effective Service Delivery in Rural and urban Local Governments in Kerala.

(ii) Customer Satisfaction Survey project supported by DARPG.

(iii) State Collaboration Iniiative Proposal to develop Competency Frame Work for Personnel at cutting edge level (RM)

4. UNEP-യുമായി ചേർന്ന് സുസ്ഥിര വികസന പരിശീലന പരിപാടികൾ ദേശീയതലത്തിൽ സംഘടിപ്പിച്ചുവരുന്നു.

5. UK-യിലെ Reading University-യുമായി ചേർന്ന് പരിശീലന പരിപാടികളും ഗവേഷണ പദ്ധതികളും നടപ്പിലാക്കിവരുന്നു.

6. സേവനാവകാശ നിയമത്തിൽ വിവിധ പരിശീലന പരിപാടികൾ വിപുലീകരിച്ച് നടത്തിക്കൊണ്ടിരിക്കുന്നു.

(ബി) സംസ്ഥാന ഗവൺമെന്റിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥരുടെ അറിവും പ്രാവീണ്യവും മനോഭാവവും മെച്ചപ്പെടുത്തി പൊതുജനങ്ങൾക്ക് നല്ല സേവനം ലഭ്യമാക്കുക എന്നുള്ളതാണ് മേൽപ്പറഞ്ഞ പദ്ധതികളുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ.

(സി) ഈ പദ്ധതികൾ നടപ്പിലാക്കുന്നതിന് സംസ്ഥാന ഗവൺമെന്റിന്റെയും കേന്ദ്ര ഗവൺമെന്റിന്റെയും സാമ്പത്തിക സാങ്കേതിക സഹായങ്ങൾ ലഭ്യമാക്കി കൊണ്ടിരിക്കുന്നു.

പി.എസ്.സി. വഴിയുള്ള നിയമനം

3(5581) ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. ടി. എൻ. പ്രതാപൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പി.എസ്.സി. വഴിയുള്ള നിയമനത്തിൽ റിക്കാർഡ് നേട്ടങ്ങൾ കൈവരിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ എന്തെല്ലാം നേട്ടങ്ങളാണ് കൈവരിച്ചിട്ടുള്ളത് ;

(സി) ഇതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടത് ; വിശദമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly